# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/210/2018 2018 ഒക്ടോബർ 6

## വാർത്താക്കുറിപ്പ്

---

## ഭിന്നശേഷി സൗഹൃദമായി എം.ജി. സർവകലാശാല; സഞ്ചരിക്കാൻ ഇലക്ട്രിക് വാഹന സൗകര്യം

ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കും സന്ദർശകർക്കും കാമ്പസിനുള്ളിൽ സുഗമമായി സഞ്ചരിക്കുന്നതിന് സൗകര്യമൊരുക്കി ഭിന്നശേഷി സൗഹൃദമായി മഹാത്മാ ഗാന്ധി സർവകലാശാല. സഞ്ചാരതടമില്ലാത്ത അന്തരീക്ഷമുള്ള കാമ്പസായി സർവകലാശാലയെ മാറ്റുന്നതിനോടനുബന്ധിച്ച് ഭിന്നശേഷിക്കാർക്കായി ബാറ്ററിയിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി സൗഹൃദമായ ഇലക്ട്രിക് വാഹന സൗകര്യമാണ് സർവകലാശാല ഒരുക്കിയിട്ടുള്ളത്.

വീൽ ചെയർ സൗകര്യത്തോടുകൂടിയ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ഒക്ടോബർ എട്ടിനു എട്ടിനു രാവിലെ 10.30ന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നടക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ആമുഖപ്രഭാഷണം നടത്തും. പ്രത്യാശ ഫൗണ്ടേഷൻ ഡയറക്ടർ സൈമൺ ജോർജ്ജ്, ഭിന്നശേഷിക്കാർക്കുള്ള വാഹന രൂപകൽപനയ്ക്ക് ദേശീയ പുരസ്കാരം നേടിയ ബിജു വർഗീസ് എന്നിവർ ചേർന്ന് ഫ്ളാഗ് ഓഫ് നിർവഹിക്കും. സിൻഡിക്കേറ്റംഗം ഡോ. കെ. കൃഷ്ണദാസ്, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ് എന്നിവർ പങ്കെടുക്കും.

ഇതോടനുബന്ധിച്ച് ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതു സംബന്ധിച്ചും ഭിന്നശേഷി സൗഹൃദവാഹനങ്ങളുടെ നിർമാണം സംബന്ധിച്ചും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും സംഘടിപ്പിക്കുന്ന പ്രഭാഷണം രാവിലെ 11ന് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. സൈമൺ ജോർജ്ജ്, ബിജു വർഗീസ് എന്നിവർ പ്രഭാഷണം നടത്തും. ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.റ്റി. ബാബുരാജ്, ഫാത്തിമ നസീമ എന്നിവർ പങ്കെടുക്കും.

### ഫോട്ടോ കാപ്ഷൻ

ഭിന്നശേഷിക്കാർക്ക് സഞ്ചാരസൗകര്യമൊരുക്കാൻ എം.ജി. സർവകലാശാല ഒരുക്കിയ വീൽചെയർ സൗകര്യമുള്ള പരിസ്ഥിതി സൗഹൃദമായ ഇലക്ട്രിക് വാഹനം.

### പരീക്ഷാ തീയതി

മൂന്നാംസെമസ്റ്റർ എം.എച്ച്.ആർ.എം. (2017 അഡ്മിഷൻ-റഗുലർ/2017 അഡ്മിഷൻ-സപ്ലിമെന്ററി) പരീക്ഷ ഒക്ടോബർ 31 മുതൽ നവംബർ 16 വരെ നടക്കും. പിഴയില്ലാതെ ഒക്ടോബർ 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 15 വരെയും

അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

## പ്രാക്ടിക്കൽ

രണ്ടാംസെമസ്റ്റർ എം.എസ് സി. മൈക്രോബയോളജി (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്- സി.എസ്.എസ്.) ജൂലൈ 2018 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 11 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

2018 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ സുവോളജി(സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 11 മുതൽ 17 വരെ അതത് കോളജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## എം.എഡ്. സീറ്റൊഴിവ്

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. 2018-20 പ്രോഗ്രാമിൽ ജനറൽ- സംവരണ വിഭാഗങ്ങളിൽ ഏതാനും സീറ്റൊഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായവർക്കായി ഒക്ടോബർ 10ന് രാവിലെ 11ന് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ഓഫീസിൽ സ്പോട്ട് അഡ്മിഷൻ നടത്തും. താത്പര്യമുള്ളവർ യോഗ്യത സർട്ടിഫിക്കറ്റുകളുടെ അസലുമായി എത്തണം. വിശദവിവരത്തിന് ഫോൺ: 0481 2731042.

## ഡോക്ടറൽ കമ്മിറ്റി

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഈ അക്കാദമിക വർഷം ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സംസ്കൃതം എന്നീ വിഷയങ്ങളിൽ ഗവേഷണ രജിസ്ട്രേഷന് അപേക്ഷിച്ചവരുടെ ഡോക്ടറൽ കമ്മിറ്റി ഒക്ടോബർ 11 മുതൽ 24 വരെ നടക്കും. നിശ്ചിതദിവസം രാവിലെ 10ന് സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിലാണ് അഭിമുഖം നടക്കുക. ഒക്ടോബർ 11, 12 തീയതികളിൽ ഇംഗ്ലീഷ്, 16ന് മലയാളം, 17ന് ഹിന്ദി, 24ന് സംസ്കൃതം വിഷയങ്ങളുടെ ഡോക്ടറൽ കമ്മിറ്റികൾ നടക്കും. അഭിമുഖത്തിൽ പങ്കെടുക്കാനോ അപേക്ഷ നിരസിച്ചുകൊണ്ടുള്ളതോ ആയ അറിയിപ്പ് ലഭിക്കാത്തവർ ഗവേഷണ സെക്ഷനുമായി ബന്ധപ്പെടുക.

## റിസർച്ച് അസോസിയേറ്റ് ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററിൽ റിസർച്ച് അസോസിയേറ്റിനെ തെരഞ്ഞെടുക്കുന്നതിനായി വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഒക്ടോബർ 12ന് രാവിലെ 11.30ന് വൈസ് ചാൻസലറുടെ ചേംബറിലാണ് ഇന്റർവ്യൂ. ഒരു വർഷത്തേക്കാണ് നിയമനം. മാസം 35,000 രൂപ ലഭിക്കും. ബയോസയൻസ്, നാനോസയൻസ് വിഷയത്തിൽ പി.എച്ച്.ഡി. ഉള്ളവർക്കും പി.എച്ച്.ഡി. സമർപ്പിച്ച യു.ജി.സി. നെറ്റ്/തത്തുല്യ യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. സ്റ്റാർട്ടപ്, ഇൻകുബേഷൻ, പേറ്റന്റ് എന്നിവയിൽ അറിവ് അഭികാമ്യം. പ്രായം 40 കവിയരുത്. അപേക്ഷകർ ബയോഡേറ്റയുടെയും പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും മൂന്നു പകർപ്പുകൾ നൽകണം. താത്പര്യമുള്ളവർ അന്നേദിവസം രാവിലെ 10.15ന് സർവകലാശാല ഹെൽത്ത് സെന്റർ കെട്ടിടത്തിലുള്ള എ.ഡി. എ.വി.II സെക്ഷനിൽ ഹാജരാകണം.

## സംസ്ഥാന എൻ.എസ്.എസ്. അവാർഡുകളിൽ നാലെണ്ണം എം.ജി. സർവകലാശാലയ്ക്ക്

സംസ്ഥാന സർക്കാരിന്റെ നാഷണൽ സർവീസ് സ്കീം അവാർഡുകളിൽ നാലെണ്ണം മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക്. മികച്ച യൂണിറ്റായി അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജും മികച്ച പ്രോഗ്രാം ഓഫീസറായി ഇതേ കോളേജിലെ സിനി ജേക്കബും തെരഞ്ഞെടുക്കപ്പെട്ടു.

മികച്ച വോളണ്ടിയർമാർക്കുള്ള അവാർഡ് പി.ബി. പൂജാമോൾ (കോട്ടയം ബസേലിയസ് കോളേജ്), സച്ചിൻ എസ്. ദേവ് (തിരുവല്ല മാർത്തോമ കോളേജ്), നവ്യ യേശുദാസ് (ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൺ) എന്നിവർ കരസ്ഥമാക്കി. അവാർഡ് ജേതാക്കളെ വൈസ് ചാൻസർ ഡോ. പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യൂ എന്നിവർ അഭിനന്ദിച്ചു.

### ഫോട്ടോ കാപ്ഷൻ

സംസ്ഥാന സർക്കാരിന്റെ മികച്ച എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർക്കുള്ള അവാർഡ് നേടിയ സിനി ജേക്കബ്(അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജ്), മികച്ച വോളണ്ടിയർമാർക്കുള്ള അവാർഡ് നേടിയ പി.ബി. പൂജാമോൾ (കോട്ടയം ബസേലിയസ് കോളേജ്), സച്ചിൻ എസ്. ദേവ് (തിരുവല്ല മാർത്തോമ കോളേജ്), നവ്യ യേശുദാസ് (ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൺ) എന്നിവർ.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ